2008, ഖുത്ബ നമ്പര്‍ -39

*26.09.2008*
*ബൈത്തുല്‍ ഫുതൂഹ്, ലണ്ടന്‍*

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

# എല്ലാ അനുഗ്രഹങ്ങളും ദൈവകരങ്ങളില്‍ നിക്ഷിപ്തം

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نُودِىَ لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ فَٱسْعَوْا۟
إِلَىٰ ذِكْرِ ٱللَّهِ وَذَرُوا۟ ٱلْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٠﴾
فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ
وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١١﴾ وَإِذَا رَأَوْا۟ تِجَٰرَةً أَوْ لَهْوًا
ٱنفَضُّوٓا۟ إِلَيْهَا وَتَرَكُوكَ قَآئِمًا ۚ قُلْ مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ وَمِنَ
ٱلتِّجَٰرَةِ ۚ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١٢﴾ (62:10-12)

ഈ ആയത്തുകളുടെ അര്‍ത്ഥം ഇപ്രകാരമാണ്,

വിശ്വസിച്ചവരെ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാല്‍ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങള്‍ ധൃതിപ്പെട്ടു പോകുകയും വ്യാപാരം നിര്‍ത്തിവെക്കുകയും ചെയ്യുക. നിങ്ങള്‍ മനസ്സിലാക്കുന്നുവെങ്കില്‍ അത് നിങ്ങള്‍ക്ക് ഗുണകരമാണ്.

പിന്നെ നമസ്കാരം നിര്‍വ്വഹിച്ചുകഴിഞ്ഞാല്‍ നിങ്ങള്‍ ഭൂമിയില്‍ പിരിഞ്ഞുപോകുകയും അല്ലാഹുവിന്റെ അനുഗ്രഹത്തില്‍നിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങള്‍ വിജയം പ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക.

ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാല്‍ അവര്‍ അതിലേക്ക് ചിതറിപ്പിരിഞ്ഞ് പോവുകയും നിന്നെ നിന്നനിലയില്‍ വിട്ടേക്കുകയും ചെയ്യുന്നു. പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തേക്കാളും, കച്ചവടത്തേക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നല്‍കുന്നവരില്‍ വെച്ച് ഏറ്റവും ഉത്തമനാകുന്നു. (62:10-12)

സൂറത്തുല്‍ ജുമുഅയിലെ അവസാനത്തെ ആയത്തുകളാണ് ഞാനിപ്പോള്‍ ഓതിക്കേള്‍പ്പിച്ചിരിക്കുന്നത്. ജുമുഅ ദിവസത്തിന്റെ പ്രാധാന്യം എത്രമാത്രമാണെന്ന് ഇതില്‍നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കേണ്ടതിനെകുറിച്ചും പള്ളിയില്‍ പോയി നിര്‍വ്വഹിക്കേണ്ടതിനെ കുറിച്ചും വുളുചെയ്ത് വിശുദ്ധി കൈവരിക്കേണ്ടതിനെ കുറിച്ചുമുള്ള വിശദവിവരണം വിശുദ്ധഖുര്‍ആനില്‍ ഉണ്ടെങ്കില്‍ കൂടിയും ജുമുഅയെ സംബന്ധിച്ച് അല്ലാഹു പ്രത്യേകമായി കല്‍പ്പിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ജുമുഅനമസ്കാരത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്ന് ഇതില്‍നിന്ന് മനസ്സിലാകുന്നു. ഹദീസുക ളില്‍നിന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശ നിര്‍ദ്ദേശങ്ങളില്‍ നിന്നും ഇതിന്റെ മഹത്വം കൂടുതലായി നമുക്ക് മനസ്സിലാക്കാന്‍ സാധി ക്കുന്നതാണ്.

റമദാനിലെ ആദ്യത്തെ ഖുത്ബയില്‍ വെള്ളിയാഴ്ച ദിവസം ദുആ സ്വീകരിക്കുന്നതിനെ കുറിച്ചും ആ ദിവസത്തിലെ ഒരു പ്രത്യേകസമയത്ത് ദുആ സ്വീകരിക്കുന്നതിനെ കുറിച്ചും ഹദീസിന്റെ വെളിച്ചത്തില്‍ ഞാന്‍ കേള്‍പ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തില്‍ ഈ റമദാന്‍ മാസത്തിലെ ജുമുഅ ദിവസങ്ങളില്‍ പലരും കൂടുതലായി പ്രാര്‍ത്ഥിച്ചിട്ടുണ്ടാകുമെന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു. ജുമുഅയും നോമ്പും ഒരുമിച്ചുകൂടുന്ന ഈ ദിവസങ്ങളില്‍ പ്രാര്‍ത്ഥനയില്‍ മുഴുകുമ്പോള്‍ അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും നമുക്ക് ലഭ്യമാകുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ നാം ഇന്ന് അവസാന പത്തിലെ അഞ്ചാമത്തെ ദിവസത്തില്‍ പ്രവേശിച്ചിരിക്കുകയാണ്. ഈ റമദാനിലെ അവസാന ജുമുഅയാണിത്. മറ്റു മുസ്ലിംകളില്‍ ചിലര്‍ ഈ ജുമുഅക്ക് വലിയ പ്രാധാന്യമാണ് നല്‍കി വരുന്നത്. എല്ലാ പാപങ്ങളില്‍ നിന്നും മോചനം ലഭിക്കുന്നതിന് ഈ ജുമുഅയില്‍ നിര്‍ബന്ധമായും പങ്കെടുക്കണമെന്നാണ് അവരുടെ ഭാഷ്യം. പാപമെല്ലാം കഴുകിവൃത്തിയാക്കിക്കഴിഞ്ഞാല്‍ ഇനി എന്തുമാകാമെന്ന് അവര്‍ കണക്കുകൂട്ടുന്നു. വര്‍ഷത്തില്‍ ഒരു ജുമുഅയില്‍ പങ്കെടുത്താല്‍ എല്ലാം ആയി എന്നാണ് അവര്‍ ധരിച്ചുവെച്ചിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിക്കാത്തതു കാരണം ഇസ്ലാമിന്റെ കല്‍പ്പനകളുടെ പൊരുള്‍ മനസ്സിലാക്കാന്‍ കഴിയാത്തതുകൊണ്ടാണ് ഇവരുടെ ഈ ദുരവസ്ഥ. നാം എല്ലാ വെള്ളിയാഴ്ചക്കും അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്, അത് റമദാനിലാണെങ്കിലും അല്ലെങ്കിലും ശരി അതില്‍ പങ്കാളികളാ

കുന്നു. എന്നാൽ റമദാൻ മാസത്തിലെ ജുമുഅക്കുള്ള പ്രാധാന്യം അല്ലാഹു ആ ദിവസം പ്രത്യേകമായി ദുആ സ്വീകരിക്കും എന്ന് ഒരു ഭാഗത്ത് സുവാർത്ത നൽകുമ്പോൾ മറുഭാഗത്ത് റമദാനിൽ അല്ലാഹു തന്റെ ദാസന്റെ അടുത്ത് വന്നുകൊണ്ട് അവന്റെ ദുആകൾ കേൾക്കുന്നതാണ് എന്ന സുവിശേഷവും നൽകുന്നു. റമദാനിൽ പ്രത്യേകിച്ച് തഹജ്ജുദ് നമസ്കാരമെല്ലാം അനുഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ റമദാനിലെ ജുമുആക്ക് രാവും പകലും അല്ലാഹു തന്റെ ദാസന്റെ പ്രാർത്ഥന കേൾക്കും എന്ന പ്രാധാന്യമാണുള്ളത്. അതിനാൽ ഈ സുദിനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ സ്ഥായിയായ കാരുണ്യ ലബ്ധിക്കായും എപ്പോഴും അവന്റെ മഗ്ഫിറത്തിന്റ പുതപ്പ് നമുക്ക് മീതെ ഉണ്ടാകുന്നതിനായും ഇഹലോകനരകത്തിൽ നിന്നും പാരത്രിക നരകത്തിൽ നിന്നും രക്ഷപ്പെടുന്നതിനായും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഈ അവസാനത്തെ ജുമുഅ മാത്രമല്ല നമ്മുടെ ജീവിതത്തിലെ ഓരോ ജുമുഅയും ഓരോ ദിവസവും തന്നെ അല്ലാഹുവിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നതായി മാറാൻ ഈ പ്രാർത്ഥന അനുപേക്ഷണീയമാണ്.

അതുകൊണ്ട് ഓരോ അഹ്മദിയും എല്ലാ ജുമുഅ ദിവസവും വളരെ പ്രാധാന്യത്തോടുകൂടി ആരാധനകൾ അനുഷ്ഠിക്കേണ്ടതാണ്. ചിലർ കരുതുന്നത് പെരുന്നാൾ നമസ്കാരമാണ് ഏറ്റവും പ്രാധാന്യമുള്ളതെന്നാണ്. എന്നാൽ പെരുന്നാൾ നമസ്കാരത്തെ കുറിച്ച് ജുമുഅ നമസ്കാരത്തെ പ്പോലെ പ്രത്യേകമായി എടുത്തുപറഞ്ഞതായി വിശുദ്ധഖുർആനിൽ നമുക്ക് കാണാൻ സാധ്യമല്ല. തിരുനബി (സ) പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യം വിവരിച്ചിട്ടുണ്ട് എന്നത് ശരിതന്നെ. മാത്രമല്ല നമസ്കരിക്കാൻ പറ്റാത്ത സ്ത്രീകൾ പോലും പെരുന്നാളിൽ പങ്കെടുക്കണമെന്നു വരെ തിരുനബി (സ) നിർദ്ദേശിച്ചിട്ടുമുണ്ട്.എന്നാൽ ജുമുഅയെ സംബന്ധിച്ച് ഇങ്ങിനെ ഒരു കൽപ്പന കാണാനും സാധ്യമല്ല. ഇവിടെ നാം മനസ്സിലാക്കേണ്ടത് പെരുന്നാൾ നമസ്കാരത്തിന്റെ പ്രാധാന്യം എന്താണ് എന്നാണ്. ജീവിതത്തിൽ രണ്ട് റക്കഅത്ത് പെരുന്നാൾ നമസ്കരിച്ചതുകൊണ്ടോ അൽപ്പനിമിഷം ഖുത്ബ കേട്ടതുകൊണ്ടോ നമ്മുടെ എല്ലാ പാപങ്ങളും പൊറുക്കപ്പെടും എന്നതല്ല പെരുന്നാൾ നമസ്കാരത്തിന്റെ പ്രാധാന്യം. നമുക്ക് അല്ലാഹുവിനെ ആരാധിക്കാനും അതിന്നായി ത്യാഗം ചെയ്യാനുമുള്ള അവസരം ലഭിച്ചതിന്റെ സന്തോഷപ്രകടനത്തിനായാണ് പെരുന്നാൾ വെച്ചിട്ടുള്ളത്. ചിലർക്ക് ഇവ്വിധ ത്യാഗങ്ങൾ ചെയ്യാനുള്ള ആഗ്രഹങ്ങളുണ്ടെങ്കിലും ചില പ്രതികൂല സാഹചര്യങ്ങളിൽ അതിനു സാധിച്ചെന്നു വരില്ല. എന്നിരുന്നാലും ഇതിന്റെയെല്ലാം നന്ദിപ്രകടനമായാണ് പെരുന്നാൾ ആഘോഷിക്കുന്നത്. അല്ലാഹു ആരാധനക്കുള്ള അവസരം ഇനിയും തന്നരുളട്ടെ എന്നും നഫൽ നമസ്കാരങ്ങൾ കൂടുതലായി അനുഷ്ഠിക്കാനുള്ള തൗഫീഖ് നൽകട്ടെ എന്നും പ്രാർത്ഥിക്കുവാനുള്ള അവസരമാണ് ഈദ് നമുക്ക് പ്രദാനം ചെയ്യുന്നത്.

ഞാൻ ജുമുഅയുടെ പ്രാധാന്യമാണ് വിവരിച്ചുകൊണ്ടിരുന്നത്. ഹദ്റത്ത് അബൂഹുറൈയ്റ (റ) നിവേദനം ചെയ്തതായി ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്. തിരുനബി(സ) അരുളി, ജുമുഅ ദിവസം സൽപ്രവർത്തനങ്ങളുടെ പ്രതിഫലം പലമടങ്ങ് വർദ്ധിപ്പിച്ചുനൽകുന്നതാണ് .

ഹദ്റത്ത് അബൂഹുറൈയ്റ(റ) നിവേദനം ചെയ്യുന്ന മറ്റൊരു ഹദീസ് ഇപ്രകാരമാണ്, തിരുനബി (സ) അരുളി, വെള്ളിയാഴ്ച ദിവസം മലക്കുകൾ പള്ളിയുടെ കവാടത്തിൽ വന്നിരിക്കുന്നു. അവർ ആദ്യം വരുന്നവരുടെ പേരുകൾ എഴുതുന്നു. ആദ്യം വന്നവന്റെ പ്രതിഫലം ഒരൊട്ടകത്തെ ബലിയർപ്പിച്ചവനു ലഭിക്കുന്ന പ്രതിഫലത്തിനു തുല്ല്യമായിരിക്കും. അതിനുശേഷം വരുന്നവൻ പശുവിനെ ബലിയർപ്പിച്ചവനെപ്പോലെയും പിന്നീടു വരുന്നവൻ ചെമ്മരിയാടിനെ ബലിയർപ്പിച്ചവനെപ്പോലെയും അതിനുശേഷം വരുന്നവൻ കോഴിയെ ബലിയർപ്പിച്ചവനെപ്പോലെയും പിന്നീടുവരുന്നവൻ മുട്ട നൽകിയവനെപ്പോലെയുമായിരിക്കും.

എന്നാൽ ഇമാം മിമ്പറിൽ വന്നുകഴിഞ്ഞാൽ മലക്കുകൾ തങ്ങളുടെ രജിസ്റ്റർ അടച്ചുവെക്കുകയും ഖുത്ബ കേൾക്കാനായി കാത്തിരിക്കുകയും ചെയ്യുന്നതാണ്.

മറ്റൊരു നിവേദനത്തിന്റെ അൽപ്പം ഭാഗങ്ങൾ ഞാനിനിക്കേൾപ്പിക്കാം. തിരുനബി (സ) അരുളി, ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞ് തരട്ടെയോ?

തിരുനബി(സ) അരുളി, അത് ജുമുഅ ദിവസമാണ്. തിരുനബി (സ) ചോദിച്ചു, മാസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ മാസത്തെകുറിച്ച് പറഞ്ഞ് തരട്ടെയോ? അരുളി, അത് റമദാൻ മാസമാണ്. വീണ്ടും ചോദിച്ചു, രാത്രികളിൽ ഏറ്റവും ശ്രേഷ്ഠമായ രാത്രിയെക്കുറിച്ച് ഞാൻ പറഞ്ഞ് തരട്ടെയോ? അരുളി, അത് ലൈലത്തുൽ ഖദ്ർ ആണ്.

ഹദ്റത്ത് അബൂ ലുബാബബിൻ മുൻദിർ (റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) അരുളി, ജുമുഅ ദിവസം ദിവസങ്ങളുടെ നേതാവാണ്. ബലി പെരുന്നാളിനെക്കാളും ചെറിയ പെരുന്നാളിനേക്കാളും അല്ലാഹുവിന്റെ പക്കൽ മഹത്തരമായ ദിവസമാണത്. ഈ ദിവസത്തിന് അഞ്ച് പ്രത്യേകതകളാണുള്ളത്. ഈ ദിവസമാണ് അല്ലാഹു ആദമിനെ സൃഷ്ടിച്ചത്. ഹദ്റത്ത് ആദമിനെ ഭൂമിയിലേക്ക് ഇറക്കിയതും ഈ ദിവസം തന്നെ. ഹദ്റത്ത് ആദം മരിച്ച ദിവസവും ഇത് തന്നെ. നിഷിദ്ധമാക്കിയ വസ്തുക്കളല്ലാതെ മറ്റെന്തുചോദിച്ചാലും അല്ലാഹു തന്റെ ദാസർക്ക് നൽകുന്ന ഒരു പ്രത്യേക സമയം ഈ ദിനത്തിലുണ്ട്. ഖിയാമത്തും ഈ ദിവസം തന്നെയാണ് വരിക. മലക്കുകളും ആകാശവും ഭൂമിയും കാറ്റുകളും പർവ്വതങ്ങളും എല്ലാം ഈ ദിവസത്തെയോർത്ത് ഭയചകിതരാണ്.

ഈ എല്ലാ ഹദീസുകളും ജുമുഅയുടെ പ്രാധാന്യമാണ് വിളിച്ചുപറയുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ നിങ്ങൾ കച്ചവടം ഉപേക്ഷിച്ചു കൊണ്ട് വെള്ളിയാഴ്ച ദിവസം ദൈവസ്മരണയിലേക്ക് വരണം എന്ന് കൽപ്പിച്ചിരിക്കുന്നത് ഈ ദിവസത്തിന്റെ പ്രാധാന്യം ഒന്നുകൊണ്ട് മാത്രമാണ്. നിങ്ങളുടെ കച്ചവടമോ വ്യവസായമോ അല്ല മറിച്ച് വെള്ളിയാഴ്ച ആരാധനയിൽ കഴിച്ചുകൂട്ടുന്നതിലാണ് നന്മയുള്ളത് എന്ന് നിങ്ങൾ മനസ്സിലാക്കുക.

മുകളിലെ ഒരു ഹദീസിൽ നന്മയുടെ പ്രതിഫലം പലമടങ്ങ് വർദ്ധിപ്പിച്ചുനൽകും എന്ന് വന്നിട്ടുണ്ട്. ഇവിടെ ആദ്യത്തെ നന്മ ഒരാൾ തന്റെ എല്ലാഭൗതിക കച്ചവടവും ധനത്തോടുള്ള ആർത്തിയും വിട്ട് അല്ലാഹുവിന്റെ കൽപ്പന നിറവേറ്റിക്കൊണ്ട് വെള്ളിയാഴ്ച നമസ്കാരത്തിനായി പള്ളിയിൽ വരിക എന്നതാണ്. ജുമുഅയുടെ നമസ്കാരം പൊതുവിൽ സുഹർ നമസ്കാരത്തേക്കാളും അൽപ്പം ദൈർഘ്യമുള്ളതായിരിക്കും. അതോടൊപ്പം ഖുത്ബയും അവന് കേൾക്കേണ്ടതായിവരും. ഒരു ഭൗതികവാദിയെ സംബന്ധിച്ചെടുത്തോളം അവൻ കരുതുന്നത് ഇത്രയും സമയം ഞാനെന്റെ ബിസിനസ്സിൽ നിന്ന് വിട്ട്നിൽക്കുകയാണെങ്കിൽ എനിക്ക് വൻ നഷ്ടമല്ലേ വരിക എന്നാണ്. എന്നാൽ അല്ലാഹു പറയുന്നു, എന്റെ കൽപ്പന പാലിക്കുന്നത് കൊണ്ട് നിങ്ങൾക്ക് ഒരു നഷ്ടവും വരില്ല മറിച്ച് ഗുണകരമായിരിക്കും.

അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

**വമൻ യുതിഹില്ലാഹ വറസൂലഹു വയഖ്ശല്ലാഹ വയത്തഖ്ഹി ഫഉലാഹുക്ക ഹുമുൽ ഫാഇസൂൻ** (24:53)

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും തഖ്‌വ സ്വായത്തമാക്കുകയും ചെയ്യുന്നുവെങ്കിൽ അവർ തന്നെയാണ് ലക്ഷ്യം പ്രാപിച്ചവർ. സാധാരണദിവസങ്ങളിൽപോലും അനുസരിക്കുന്നവർ ജീവിത ലക്ഷ്യം കരസ്ഥമാക്കുന്നുവെങ്കിൽ ജുമുഅ ദിവസം ഈ അനുസരണത്തിന്റെ അനുഗ്രഹങ്ങൾ വളരെ കൂടുതലായിരിക്കുമെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ ഭയം ഹൃദയത്തിലുള്ളവരും തഖ്‌വയിൽ നിലനിൽക്കുന്നവരും മാത്രമേ അല്ലാഹുവിനെ സ്മരിക്കാൻ വരികയുള്ളൂ. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി തന്റെ വ്യാപാരം ഉപേക്ഷിക്കുന്നവർ വിജയികളിൽ ഉൾപ്പെടുകതന്നെ ചെയ്യുന്നതാണ്. അല്ലാഹുവിന്റെ മുൻപിൽ ആരാധനക്കായി ഇങ്ങനെയുള്ളവർ ഹാജരാകുമ്പോൾ അവർക്ക് പ്രതിഫലം പല ഇരട്ടിയായി വർദ്ധപ്പിച്ച് നൽകുന്നതാണ്.

ഇവിടെ അല്ലാഹുവിനെ എല്ലാശക്തികളുടെയും കേന്ദ്രമായി, സർവ്വലോകപരിപാലകനായി മനസ്സിലാക്കുന്ന ഒരു വ്യക്തിക്ക് നിങ്ങൾ അറിയുന്നവരാണെങ്കിൽ ഇതാണ് നിങ്ങൾക്ക് ഉത്തമം

എന്ന വചനം വളരെയധികം സാന്ത്വനം നൽകുന്ന ഒന്നാണ്. ജുമുഅയിൽ പങ്കെടുത്തുകൊണ്ട് കരസ്ഥമാക്കുന്ന പ്രതിഫലം നിങ്ങൾക്ക് അറിയാൻ അവസരം ലഭിച്ചാൽ നിങ്ങൾ റമദാനിലെ ജുമുഅ മാത്രമല്ല ഓരോ ജുമുഅക്ക് ശേഷവും അടുത്ത ജുമുഅ പ്രതീക്ഷിച്ചിരിക്കുകയും പള്ളിയിൽ നേരത്തെ തന്നെ എത്തിച്ചേർന്ന് ഒട്ടകത്തെ ബലിയർപ്പിക്കുന്നത്ര പ്രതിഫലം കരസ്ഥമാക്കാൻ ധൃതികാട്ടുകയും ചെയ്യുമായിരുന്നു. അല്ലെങ്കിൽ പശുവിനെ ബലിയർപ്പിച്ചത്ര പ്രതിഫലത്തിന് ഉടമയാകാൻ ശ്രമിക്കുകയോ ചുരുങ്ങിയപക്ഷം മലക്കുകൾ രജിസ്റ്റർ അടച്ചുവെക്കുന്നതിനുമുൻപേ ഹാജറായി ഏതെങ്കിലും പ്രതിഫലത്തിനായി ശ്രമിക്കുകയോ ചെയ്യുമായിരുന്നു. പ്രാർത്ഥനാ സ്വീകാര്യതയുടെ നിമിഷത്തെ പ്രതീക്ഷിച്ച് നിങ്ങൾ ആദിവസം പ്രാർത്ഥനാ നിരതരാകുമായിരുന്നു. നിങ്ങൾ ഭൗതികമായ എല്ലാ വസ്തുക്കളെയും പിൻപുറം തള്ളിക്കൊണ്ട് ജുമുഅ നമസ്കാരത്തിന് മുൻതൂക്കം നൽകുന്നതമായിരിക്കും.

അഹ്മദികൾ തങ്ങളുടെ ഹൃദയത്തിൽ ഈ ദിവസത്തിന് പ്രത്യേക സ്ഥാനം നൽകേണ്ടതാ ണ്. ഭൗതികത കൊടികുത്തിവാഴുന്ന ഇക്കാലത്ത് അവസാനകാലഘട്ടത്തിലുള്ളവരെ ആദ്യകാല വിശ്വാസികളുമായി ബന്ധപ്പെടുത്തുന്നതിൽ ഈ ദിവസത്തിന് അതിന്റെതായ പ്രാധാന്യമുണ്ട്. അല്ലാ

ഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ കഴിയുന്ന എല്ലാ മാർഗങ്ങളിൽ നിന്നും നമ്മെ തടയാൻ ശൈത്വാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ആഗമനോദ്ദേശ്യം ഈകാലഘട്ടവുമായി ബന്ധപ്പെടുത്തുകയും തന്നെ വിശ്വസിക്കാത്തവരെ താക്കീതു ചെയ്യുകയും ചെയ്തുകൊണ്ട് പറയുന്നു,

ഭാഗ്യശാലികൾക്കായി ഒരുക്കിയിരിക്കുന്ന ഒരവസരമാണിത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈകാലഘട്ടത്തെ പ്രയോജനപ്പെടുത്തുന്നവർ അനുഗ്രഹീതരാണ്. നിങ്ങൾ കരസ്ഥമാക്കേണ്ടതെല്ലാം കരസ്ഥമാക്കി എന്നു കരുതി എന്നിൽ വിശ്വസിച്ചവരാരും അഹങ്കരിക്കരുത്. അതിശക്തമായ എതിർപ്പുകൾ കാരണം അല്ലാഹുവിനെ നീരസപ്പെടുത്തിയ എന്റെ എതിരാളികളെ അപേക്ഷിച്ച് സൗഭാഗ്യലബ്ധിക്ക് നിങ്ങൾ സമീപസ്ഥരാണ് എന്നത് സത്യമാണ്. സദ്ഭാവന വെച്ചുകൊണ്ട് ദൈവകോപത്തിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്താൻ ശ്രമിച്ചു എന്നതും തികച്ചും സത്യം തന്നെയാണ്.

ഇക്കാലത്ത് നിത്യജീവൻ പ്രദാനം ചെയ്യുന്നതിന്നായി അല്ലാഹു ഒരുക്കിയ ഉറവിടത്തിന്നരികിൽ നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നതും സത്യം തന്നെ. എന്നാൽ ഇതുവരെ നിങ്ങൾ അതിൽ നിന്നും പാനം ചെയ്തിട്ടില്ല. (ഈ വചനം വളരെ ശ്രദ്ധാ പൂർവ്വം വായിക്കുക,നമ്മേ ഇരുത്തി ചിന്തിപ്പിക്കുന്നതാണിത്) അതുകൊണ്ട് അല്ലാഹുവിന്റ കൃപാകടാക്ഷ ത്തിൽ നിന്നും അവൻ നിങ്ങളെ കുടിപ്പിക്കട്ടെ എന്ന് എപ്പോഴും തേടിക്കൊണ്ടിരുക്കുക. കാരണം അല്ലാഹുവിന്റ അനുഗ്രഹമില്ലാതെ ഒന്നും നേടാൻ സാധ്യമല്ല. ഈ നീരുറവയിൽ നിന്ന് പാനം ചെയ്യുന്നവർ ഒരിക്കലും നശിക്കുകയില്ലെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കാരണം ഇത് നാശത്തിൽ നിന്ന് രക്ഷിക്കുകയും ശൈത്വാന്റെ ആക്രമണത്തിൽ നിന്ന് സംരക്ഷണം നൽകുകയും ചെയ്യുന്ന ജീവൽ ദായകമായ ജലമാണ്. ഈ നീരുറവയിൽനിന്ന് പാനം ചെയ്യാനുള്ള മാർഗ്ഗമെന്താണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. അല്ലാഹു നിങ്ങളിൽ അർപ്പിച്ചിട്ടുള്ള രണ്ട് കടമകളും അനുഷ്ഠിക്കുക. അത് പൂർണ്ണമായ നിലയിൽ അനുഷ്ഠിക്കേണ്ടതാണ്. സൃഷ്ടാവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയുമാണത്.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മോടു പറയുന്നത്, അവസാനകാലത്ത് വരും എന്നു പറയപ്പെട്ട ഇമാം വന്നു എന്നകാര്യത്തിൽ നിങ്ങൾ വിശ്വസിച്ചു എന്നത് ശരിതന്നെ. എന്നാൽ ഇതു വരെയും തങ്ങളിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്താത്ത പലരും ഇപ്പോഴും നിങ്ങളിലുണ്ട്. അല്ലാഹുവിനോടുള്ള കടപ്പാടിലും സൃഷ്ടി കളോടുള്ള കടപ്പാടിലും വളരെയധികം ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നേരിട്ട് തർബിയ്യത്ത് നൽകിയവരെ കുറിച്ചുള്ള വിലയിരുത്തലാണിതെങ്കിൽ നമ്മെകുറിച്ച് നാം എത്രമാത്രം വ്യാകുലരാകേണ്ടതാണ് എന്നൊന്ന് ചിന്തിച്ചുനോക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സ്വീകരിച്ചതു മുഖേന നമുക്ക് ലഭിച്ചിരിക്കുന്ന ഈ ജുമുഅ വലിയ മഹത്വമുള്ളതു തന്നെയാണ്. അതുകൊണ്ട് ഇതിന് നന്ദി രേഖപ്പെടുത്തുന്നതിന്നായി വർഷത്തിൽ ഒരിക്കൽ മാത്രം ശ്രദ്ധിച്ചാൽ പോര, മറിച്ച് എപ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നതിലും അവനെ ആരാധിക്കുന്നതിലും സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുന്നതിലും നാം ശ്രദ്ധിക്കേണ്ടതാണ്. റമദാനിൽ നാം ആർജ്ജിച്ച നന്മകൾ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ കഠിനമായി പരിശ്രമിക്കുക. തർക്കങ്ങളിൽ നിന്നും മറ്റു ദുഷ്പ്രവർത്തനങ്ങളിൽ നിന്നും ഞാൻ നോമ്പുകാരനാണെന്നു പറഞ്ഞ് ഈമാസം വിട്ടുനിന്നെങ്കിൽ ഇനിയുള്ള ദിവസങ്ങളിലും വിട്ടുനിൽക്കാൻ ശ്രമിക്കുക. നമസ്കാരത്തിൽകാണിച്ച കൃത്യനിഷ്ഠത സ്ഥിരമായി നിലനിർത്തുക.

ഞാൻ നേരത്തേ കേൾപ്പിച്ച ഒരു ഹദീസിൽ ജുമുഅയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറഞ്ഞത് ഏറ്റവും ശ്രേഷ്ഠമായ ദിവസം ജുമുഅയും ഏറ്റവും ശ്രേഷ്ഠമായ മാസം റമദാനും ഏറ്റവും ശ്രേഷ്ഠമായ രാവ് ലൈലത്തുൽ ഖദ്റിന്റെ രാവുമാണെന്നാണ്. അതുകൊണ്ട് ഈദിനങ്ങളുടെ പ്രാധാന്യം മനസ്സിൽ കണ്ടുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുക. അല്ലാഹു നമ്മിൽ പരിശുദ്ധമായ മാറ്റം വരുത്തിക്കൊണ്ട് അടുത്ത ജുമുഅകളുടെയും അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള ഭാഗ്യം നമുക്ക് നൽകട്ടെ .

വളരെ ശ്രേഷ്ഠമായ മാസത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതിലെ തന്നെ കുറച്ച് ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. അതിനാൽ ഈ മാസം നാം കരസ്ഥമാക്കിയ അനുഗ്രഹങ്ങൾ അല്ലാഹു നമുക്ക് അടുത്ത റമദാൻ വരെ ദീർഘിപ്പിച്ചു തരട്ടെയെന്നും ദുആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. അടുത്ത റമദാനിൽ കൂടുതൽ പുരോഗതി പ്രാപിക്കാനും അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും നേടാനും നന്മകൾ കരസ്ഥമാക്കുന്ന ഈ ശൃംഖല എപ്പോഴും നമ്മുടെ കൂടെ നിലനിൽക്കാനും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. മരണശേഷവും അല്ലാഹു തന്റെ

ഔദാര്യം കൊണ്ട് അവന്റെ കാരുണ്യത്തിന്റെയും മഗ്ഫിറത്തിന്റെയും പുതപ്പിനാൽ നമ്മെ പൊതിയുമാറാകട്ടെ.

ഹദീസിൽ ശ്രേഷ്ഠ രാത്രിയായ ലൈലത്തുൽ ഖദ്റിനെ കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഇതിനെ കുറിച്ച് തിരുനബി (സ.അ) അരുളിയത് ഈ രാത്രിയെ നിങ്ങൾ അവസാന പത്തിൽ അന്വേഷിക്കുക എന്നും മറ്റൊരു രിവായത്തിൽ അവസാനത്തെ ഏഴു ദിവസങ്ങളിൽ അന്വേഷിക്കുക എന്നുമാണ്. നാം ഇപ്പോൾ അവസാന പത്തിലൂടെയാണ് കടന്നു പോകുന്നത്. ഒറ്റ രാത്രികളിൽ അന്വേഷിക്കുക എന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈദിനങ്ങളിൽ പ്രാർത്ഥനയിൽ പ്രത്യേകം ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. ഇത് ദുആ സ്വീകാര്യതയുടെ രാത്രികളാണ്. ലൈലത്തുൽ ഖദ്റിനെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ കേൾപ്പിക്കാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) സൂറത്തുൽ ഖദ്റിനെ പരാമർശിച്ചുകൊണ്ട് പറയുന്നു, ഒരു ലൈലത്തുൽ ഖദർ രാത്രിയുടെ അന്ത്യയാമങ്ങളിൽ വരുന്ന തായുണ്ട്. അല്ലാഹു ആ രാത്രി തന്റെ ശക്തി പ്രഭാവം പ്രകടമാക്കുന്നു. പ്രാർത്ഥിക്കുകയും പാപമോചനത്തിനായി അർത്ഥിക്കുകയും ചെയ്യുന്ന വല്ലവരുമുണ്ടോ, നാം അവന്റെ പ്രാർത്ഥന സ്വീകരിക്കാൻ തയ്യാറായിരിക്കുകയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു ഇരുകൈകളും നീട്ടി ഇരിക്കുകയാണ് ആ രാത്രി .

ഇതിന്ന് മറ്റൊരു വിവക്ഷ കൂടിയുണ്ട്. അന്ധകാരനിബിഢമായ ഒരു രാത്രിയിലാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്. ആ രാത്രി ഒരു കറുത്ത നായ പരിഷ്കർത്താവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു . ഇതിനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിക്കുന്നുണ്ട്. ആകാലഘട്ടം തിരുനബി (സ.അ)നെയും വിശുദ്ധ ഖുർആനെയും ആവശ്യപ്പെടുകയായിരുന്നു. ആ കാലഘട്ടം അവസാനനാൾ വരെ നിലനിൽക്കുന്നതാണ്. **ഇന്നാ അൻസൽനാഹു ഫീ ലൈലത്തിൽ ഖദ്ർ** നാം അതിനെ ഒരു നിർണ്ണായക രാത്രിയിലാണ് ഇറക്കിയത് എന്നത് ഇതിലേക്ക് സൂചന നൽകുന്നു. ഇത് മറ്റൊരു വിഷയമായതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആദ്യ വചനങ്ങൾ മുന്നിൽ വെച്ചുകൊണ്ട് ഈ ദിനങ്ങളെ പ്രാർത്ഥനകളാൽ ധന്യമാക്കുക എന്നാണ് എനിക്ക് പറയാനുള്ളത്. അതിനാൽ അല്ലാഹു പ്രാർത്ഥിക്കുന്നവന്റെയും പാപമോചനത്തിന്നായി അർത്ഥിക്കുന്നവന്റെയും പ്രാർത്ഥനകളും അർത്ഥനകളും സ്വീകരിക്കാൻ കാതോർത്തിരിക്കുന്നതുകൊണ്ട് നാം അങ്ങിനെയുള്ള രാത്രികൾ അന്വേഷിക്കുകയാണ് ചെയ്യേണ്ടത്.

എന്നാൽ നമ്മുടെ ജീവിതലക്ഷ്യം കരഗതമാകുന്ന രീതിയിലുള്ള ആത്മീയ വിപ്ലവം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കിയാൽ മാത്രമേ ജുമുആയും റമദാനും ലൈലത്തുൽ ഖദ്റും എല്ലാം നമുക്ക് പ്രയോജനപ്രദമായിതീരുകയുള്ളൂ. ഇതുമൂലം നമ്മുടെ ആരാധനകളും നമസ്കാരവു മെല്ലാം സ്ഥായിയായിത്തീരും. ഈ അവസ്ഥ കൈവരി ച്ചാൽ ദൈവസ്മരണകൾ വെള്ളിയാഴ്ച മാത്രം ഒതുങ്ങാതെ നമ്മുടെ നാവിൽ നിന്നും എപ്പോഴും വന്നുകൊണ്ടേ ഇരിക്കുന്നതാണ്. ഞാൻ നേരത്തേ ഓതിയ ആയത്തിൽ അല്ലാഹു പറയുന്നത് ജുമുആ നമസ്കാരം കഴിഞ്ഞാൽ നിങ്ങൾ നിങ്ങളുടെ ജോലികളിൽ വ്യാപൃതരാകുക എന്നാണ്. എന്നാൽ ഇതിന്റെ അർത്ഥം അടുത്ത ജുമുആ വരെ ദൈവസ്മരണ ഒട്ടും ഇല്ലാത്ത ഒരവസ്ഥ വരണം എന്നല്ല. മറിച്ച് നിങ്ങളുടെ ജോലി സമയത്തും കച്ചവട സമയത്തും തിരക്കിലായിരിക്കുമ്പോഴും ദൈവസ്മരണ നിങ്ങളുടെ ഹൃത്തടത്തിൽ അലയടിച്ചു കൊണ്ടിരിക്കണം എന്നാണ്. അല്ലാഹു പറയുന്നു, **വബ്ത്തഗൂ മിൻ ഫള്ലില്ലാഹി വദ്കുറുല്ലാഹ കസീറൻ ല അല്ലക്കും തുഫ്ലി ഹൂൻ.** ജുമുഅ നമസ്കാരശേഷം നിങ്ങൾ നിങ്ങളുടെ ജോലിയിൽ വ്യാപൃതരായിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ ഫള്ലിനെ അന്വേഷിക്കുക. നിങ്ങളുടെ ഭൗതിക ജോലിയും അല്ലാഹു അനുവദിച്ചതായിരിക്കണം. അനുവദനീയമല്ലാത്ത പ്രവൃത്തികൾ നിങ്ങൾക്ക് ചെയ്യാൻ പാടില്ല. കച്ചവടത്തിൽ വഞ്ചന കാണിക്കുന്ന നമസ്കാരക്കാരെ പോലെയും ഹാജിമാരെ പോലെയും നിങ്ങൾ ആകരുത്. നിങ്ങളുടെ ചിന്തകളെ പരിശുദ്ധമാക്കി നിർത്തുന്നതിന് ദൈവസ്മരണ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. വെറും ബാഹ്യമായ ചേഷ്ഠകളാൽ ദൈവസ്മരണ നിലനിൽക്കില്ല. നിങ്ങളുടെ മനസ്സും ഹൃദയവും ശരീരവുമെല്ലാം ദൈവസ്മരണയിൽ മുഴുകുകയും അതുവഴി തഖ്വ ഉണ്ടായിത്തീരേണ്ടതുമാണ്. ഇതിലാണ് അന്തിമ വിജയം നിലനിൽക്കുന്നത് എന്ന് അല്ലാഹു പറയുന്നു.

ദൈവസ്മരണ എങ്ങിനെയാണ് ചെയ്യേണ്ടത് എന്നതിനെ കുറിച്ച് വിശുദ്ധ ഖുർആൻ വിവിധ രീതിയിൽ നമ്മെ ഉണർത്തിയിട്ടുണ്ട്. സൂറ അലുഇംറാനിൽ പ്രബഞ്ചസ്രഷ്ടാവിനെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അല്ലാഹു പറയുന്നു,

**അല്ലദീന യദ്കുറൂനല്ലാഹ ഖിയാമൻ വഖു ഊദൻ വഅലാ ജുനൂബിഹിം വയത ഫക്കറൂന ഫീ**

**ഖൽക്കി സമാവാത്തി വൽ അർളി, റബ്ബനാ മാ ഖലക്ത്ത ആദാ ബാത്വില സുബ്ഹാനക്ക ഫകിനാ അദാബന്നാർ.**

നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമിയുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണവർ. ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. (3: 192)

എപ്പോഴും അല്ലാഹുവിനെ ഓർമ്മ വരുന്ന രീതിയിലായിരിക്കണം ദൈവസ്മരണ നിലനിർത്തേണ്ടത്. ആകാശഭൂമികളുടെ സ്രഷ്ടാവിനെ കുറിച്ചു പറഞ്ഞുകൊണ്ട് അതിൽ ചിന്തിക്കുന്നവർ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും തീയുടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യും എന്ന് പറഞ്ഞിരിക്കുന്നു. കാരണം ആകാശഭൂമിയിലുള്ളതെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അല്ലാഹു സൃഷ്ടിച്ച വസ്തുക്കളിലാണ് നമ്മുടെ ജീവൻ ആശ്രയിച്ചിരിക്കുന്നത്. അല്ലാഹു സൃഷ്ടിച്ച വസ്തുക്കളെ നമുക്ക് പ്രയോജനപ്പെടുത്തണമെന്നുണ്ടെങ്കിൽ അല്ലാഹുവിനെ വിട്ടുകൊണ്ട് നമുക്ക് എവിടെ പോകാൻ സാധിക്കും. ശിർക്ക് ചെയ്യുകയാണെങ്കിൽ അത് അല്ലാഹു ഒരിക്കലും സ്വീകരിക്കുന്നതല്ല. അല്ലാഹുവിനെ ആശ്രയിക്കുന്നതിന് പകരം കച്ചവടത്തെയാണ് നാം ആശ്രയിക്കുന്നതെങ്കിൽ ഇത് ശിർക്കിലേക്ക് കൊണ്ട്പോകും. അത് നമ്മെ നരകത്തിലേക്ക് നയിക്കുകയും ചെയ്യും. അതുകൊണ്ടാണ്, അല്ലാഹുവേ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കണേ, എന്ന് പ്രാർത്ഥിക്കുന്നത്. ഓരോ നിമിഷവും തന്റെ ഔദാര്യം കൊണ്ട് നമ്മെ കടാക്ഷിക്കുന്നത് അല്ലാഹുമാത്രമാണ്. അതുകൊണ്ട് അല്ലാഹുവിനെ വിട്ടുകൊണ്ട് മറ്റൊന്നിൽ ആശ്രയം കണ്ടെത്തുന്ന ഒരു നിമിഷംപോലും ജീവിതത്തിൽ വരാതിരിക്കട്ടെ എന്ന് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഈലോകത്തും പരലോകത്തും രക്ഷപ്രാപിക്കുന്നതിനായി എപ്പോഴും അല്ലാഹുവിന്റെ സ്മരണ നിലനിർത്തുന്നവരായിത്തീരാനുള്ള സൗഭാഗ്യത്തിന്നായി നിരന്തരം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ജുമുഅ നമസ്കാരത്തിനുശേഷം നിങ്ങൾ എന്റെ ഔദാര്യം അന്വേഷിക്കുക എന്നും എന്റെ സ്മരണ നിലനിർത്തുക എന്നും പറഞ്ഞുകൊണ്ട് അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നത്, നിങ്ങളുടെ സർവ്വവിധ ലാഭനഷ്ടങ്ങളും ഞാനുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. ഞാനുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ നിങ്ങൾക്ക് സൗഭാഗ്യം ലഭിച്ചിരിക്കുകയാണ് എന്ന് അല്ലാഹു പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു,

എല്ലായ്പ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നവരാണ് ബുദ്ധിമാൻമാരെന്ന് ഈ വചനത്തിൽ അല്ലാഹു പറയുന്നു. ബുദ്ധിയും വിവേകവുമെല്ലാം വെറുതെ ലഭിക്കും എന്ന് ആരും തെറ്റിദ്ധരിക്കരുത്. യഥാർത്ഥ അറിവും വിവേകവും അല്ലാഹുവിലേക്ക് തിരിയാതെ ഒരിക്കലും ലഭിക്കുന്നതല്ല. അതുകൊണ്ടാണ് വിശ്വാസിയുടെ ഉൾക്കാഴ്ചയിൽ ഭയപ്പെടാൻ പറഞ്ഞിരിക്കുന്നത്. തഖ്വയില്ലാതെ യഥാർത്ഥ വിവേകം കൈവരുന്നതല്ല .

അതുകൊണ്ട് തങ്ങളുടെ ബുദ്ധിസാമർഥ്യം ഒന്ന്കൊണ്ട് മാത്രമാണ് തങ്ങളുടെ ബിസിനസ്സ് വിജയിക്കുന്നത് എന്ന് ആരും കരുതരുത്. ഒരു വ്യക്തി അധ്വാനിക്കുമ്പോൾ പ്രകൃതിനിയമമനുസരിച്ച് തീർച്ചയായും അല്ലാഹു അതിനുള്ള ഫലം നൽകുന്നതാണ്. അല്ലാഹുവുമായി ബന്ധമില്ലാത്ത ഒരു ഭൗതികൻ തന്റെ കച്ചവടം കൊണ്ട് താൽകാലികമായി ഫലമെടുക്കുന്നു. എന്നാൽ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം അവൻ മനസ്സിലാക്കേണ്ടത് നമ്മുടെ പ്രവർത്തനങ്ങളിലെല്ലാം അനുഗ്രഹം വർഷിക്കണ മെങ്കിൽ ദൈവസ്മരണ എപ്പോഴും നിലനിർത്തേണമെന്നാണ്. തഖ്വയിൽ ഉറച്ചു നിന്നുകൊണ്ട് അല്ലാഹു നിർദ്ദേശിച്ച നിബന്ധനകൾ നാം പാലിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു അയച്ച ഒരാളെ വിശ്വസിച്ചതിനുശേഷം ഇരട്ടത്താപ്പ് പാടില്ല. തിരുനബി(സ) യുടെ സഹാബാക്കളിൽ പലരും ബിസിനസ്സ് ചെയ്തിരുന്നു. പക്ഷേ അവരാരും അല്ലാഹുവിനെ മറന്നുകൊണ്ടല്ല ജീവിച്ചിരുന്നത്. അൽപ്പം പണം കൊണ്ട് ബിസിനസ്സ് തുടങ്ങി ലക്ഷപ്രഭുക്കളും കോടീശ്വരന്മാരുമായിട്ടുള്ള സഹാബാക്കളും അവരിൽ ഉണ്ടായിട്ടുണ്ട്. അവരുടെ ഉൾകാഴ്ചയും വിശ്വസ്തതയും അല്ലാഹുവിന്റെ ഫള്ലിനെ അവരിലേക്ക് വലിച്ചടുപ്പിക്കുകയാണ് ചെയ്തത്. അങ്ങിനെ അവർ സ്തുത്യർഹമായ സ്ഥാനം കരസ്ഥമാക്കി. ഈ സഹാബത്തിന്റെ മാതൃകയാണ് നാം പിൻപറ്റേണ്ടത്.

അതിനാൽ അല്ലാഹുവിന്റെ ഫള്ൽ എങ്ങിനെയാണ് ലഭിക്കുക എന്നതായിരിക്കണം നമ്മുടെ ചിന്ത.

നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുകയും വേണം. അങ്ങിനെ എന്നെന്നും വിജയിക്കുന്നവരുടെ ഗണത്തിൽ നാം ഉൾപ്പെടുന്നതാണ്. ഇക്കാലഘട്ടത്തിലെ വിനോദവും കച്ചവടവും എല്ലാം നമ്മെ വളരെയധികം സ്വാധീനിക്കേണ്ടത് തന്നെയാണ്. അതു കൊണ്ടാണ് അല്ലാഹു ഖൈറുർ റാസിഖീൻ ഏറ്റവും നല്ല അന്നദാതാവ് അല്ലാഹു ആണെന്ന് നമ്മെ ഓർമ്മപ്പെടുത്തിയിരിക്കുന്നത്. എല്ലാ നന്മകളും അല്ലാഹുവിൽ നിന്നാണ് ലഭിക്കുക. കച്ചവടത്തിൽ ലഭിക്കുന്ന ലാഭവും അവസരോചിതമയ തീരുമാനങ്ങ ളെടുക്കാനുള്ള കഴിവും ലഭിക്കേണ്ടതും അല്ലാഹു വിൽ നിന്ന് തന്നെ. ചിലർ വലിയ ബിസിനസ്സുകാരാണ്. എന്നാൽ പെട്ടെന്ന് ഉചിതമായ തീരുമാനം എടുക്കാൻ കഴിയാത്തതു കൊണ്ട് അവരുടെ ബിസിനസ്സ് ആകെ തകർന്ന് തരിപ്പണമായി ത്തീരുന്നു. ഇപ്പോൾ തന്നെയുള്ള സാമ്പത്തിക പ്രതിസന്ധി നോക്കുക. വലിയ വലിയ ബാങ്കുകളാണ് തകർന്നടിയുന്നത്. അതിനാൽ അല്ലാഹുവിന്റെ സ്മരണക്കും ആരാധനക്കും എതിരിലുള്ള മറ്റെല്ലാം തന്നെ ഒന്നുമല്ലെന്നു കരുതുക. അല്ലാഹുവിന്റെ ഔദാര്യമുണ്ടെങ്കിൽ എല്ലാം ലഭിക്കുന്നതാണ്.

അല്ലാഹു ഈ ജുമുഅ മാത്രമല്ല എല്ലാ ജുമുഅയും അതിന്റേതായ പ്രാധാന്യം നൽകി തഖ്വയിൽ നിലയുറച്ചുനിന്നുകൊണ്ട് അനുഷ്ഠിക്കുന്നവരിൽ നാമേവരേയും ഉൾപ്പെടുത്തുമാറാകട്ടെ. തിരുനബി (സ) അരുളി, ഏതൊരാൾ അലസതകാരണം മൂന്ന് ജുമുഅകൾ തുടർച്ചയായി ഉപേക്ഷിക്കുന്നുവോ അല്ലാഹു അവന്റെ ഹൃദയത്തെ മുദ്രവെക്കുന്നു .

അല്ലാഹു ശൈത്താന്റെ ഉപദ്രവത്തിൽ നിന്നും നമ്മെ സംരക്ഷിക്കുമാറാകട്ടെ. അല്ലാഹുവിന്റെ ഫള്ലിൽനിന്നും നാം ഒരിക്കലും അകറ്റപ്പെടാതിരിക്കട്ടെ. (ആമീൻ)

---

വിവർത്തനം : മൗലവി നാസിർ അഹ്മദ്
PHONE : 94461 51197

KHUTHBA:
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 26 - 09 - 2008 at
Baithul Futuh
London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**